# *M.T.U.P.S CHAMATHACKAL*

## Academic master plan 2025 - 2026

**ആമുഖം**

**പത്തനംതിട്ട ജില്ലയിൽ റാന്നി താലൂക്കിൽ ചെറുകോൽ പഞ്ചായത്തിൽ ഒരു ചെറിയ ഗ്രാമത്തിലാണ് ചമതക്കൽ എം.ടി.യു .പി.സ്കൂൾ സ്ഥിതിചെയ്യുന്നത് . മട്ടക്കൽ ശ്രീ .എം.ജെ.ടൈറ്റസിന്റെ പരിശ്രമഫലമായി 1112 ഇടവം 4 ന് ഒരു സംസ്കൃത വിദ്ധ്യാലയമായി ഇത് ആരംഭിച്ച .കാലക്രമത്തിൽ ഇത് ഹൈസ്കൂളായി ഉയർന്ന് വന്നെങ്കിലും സംസ്കൃതം പഠിക്കാൻ കുട്ടികൾ കുറഞ്ഞു വന്നത് കൊണ്ട് മട്ടക്കൽ ശ്രീ.എം.ജെ.ടൈറ്റസ് സ്കൂളും സ്ഥലവും മാർത്തോമാ സഭക്ക് എഴുതി കൊടുത്തു .ഇങ്ങനെയാണ് ഈ സ്കൂൾ മാർത്തോമ്മാ മാനേജ്മെന്റിൽപെട്ട ഒരു മിഡിൽ സ്കൂൾ ആയി മാറിയത് .ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ അതിപ്രസരത്താൽ 1990 മുതൽ കുട്ടികളുടെ എണ്ണം കുറഞ്ഞു തുടങ്ങി . തൻ മൂലം ഓരോ ക്ലാസ്സിലും ഓരോ ഡിവിഷൻ മാത്രമായി .**

**ഈ സ്കൂളിലെ പൂർവ വിദ്യാർത്ഥികളിൽ , പട്ടക്കാർ ,അധ്യാപകർ ,ഡോക്ടർമാർ ,എഞ്ചിനീയർമാർ, സർക്കാർ ജോലിക്കാർ ,എന്നിവർ ഉൾപ്പെടുന്നു . ഇപ്പോൾ ഇവിടെ പഠനം നടത്തുന്ന കുട്ടികൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭവനങ്ങളിൽ നിന്നും വരുന്നവരാണ്. അധ്യാപകരും വിദ്യാർത്ഥികളും നാട്ടുകാരും സംഘടനകളും എല്ലാം സ്കൂളിന്റെ അഭിവൃദ്ധിക്കും വളർച്ചയ്ക്കും വേണ്ടി പ്രവൃത്തിക്കുന്നു .**

**ക്ലാസുകൾ** :സ്റ്റാൻഡേർഡ് 5 - 7

## അധ്യാപകർ & അനധ്യാപകർ

| Sl.No | Name | Designation | Address |
|---|---|---|---|
| 1 | Binu m Baby | Headmistress | Kailathu House<br>E.kallada p.o , kollam |
| 2 | Shiji cherian | UPST(DW) | Kottarethu vazhithanathu<br>kadammanitta p.o , pathanamthitta |
| 3 | Jithu jose | UPST(DW) | Palavilayil ,kodumon east p.o, pathanamthitta |
| 4 | Remya .s. | PTLG Hindi(DW) | Malayil padinjattethil House<br>kaipuzha north p.o, kulanada |
| 5 | Bency. Annie john | OA(DW) | Kunnamkattil House<br>uthimoodu p.o , Ranny |

## വിദ്യാർത്ഥികൾ

| CLASS | GENERAL | | SC | | ST | | OEC | | OBC | | TOTAL | |
|---|---|---|---|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G | B | G | B | G |
| V | 2 | 0 | 1 | 0 | 0 | 0 | 0 | 1 | 1 | 0 | 4 | 1 |
| VI | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 3 | 0 | 3 |
| VII | 1 | 2 | 0 | 0 | 0 | 0 | 0 | 0 | 1 | 0 | 2 | 2 |

## വിദ്യാലയ മികവുകൾ

സബ് ജില്ലാ പ്രവർത്തി പരിചയ മേളയിൽ ജ്യാമിതീയ രൂപങ്ങൾ വരയ്ക്കുന്നതിൽ കുമാരി സ്വാതി സുനീഷിനു A ഗ്രേഡും ക്ലേ മോഡലിംഗിനും സയൻസ് സ്റ്റിൽ മോഡലിനും B ഗ്രേഡും paper craft നു കുമാരി റീനു രാജേഷിനു B ഗ്രേഡും നേടി .സബ് ജില്ലാ കലോത്സവത്തിൽ 42 പോയിന്റുകൾ വിദ്യാലയത്തിനു നേടാൻ കഴിഞ്ഞു .

സ്കൂളിന് ഓഫീസ് മുറി , സ്റ്റാഫ്റൂം ക്ലാസ് മുറികൾ ,പാചകപ്പുര ,കളിസ്ഥലം ,യൂറിനൽ ടോയ്‌ലറ്റ് എന്നിവ ആവശ്യത്തിന് ഉണ്ട്. കുടിവെള്ളത്തിനായി ശുചികരിച്ച കിണറും ഉണ്ട് .

## വിദ്യാലയ പരിമിതികൾ

സ്കൂൾ കെട്ടിടത്തിന് വരാന്ത ഇല്ല . കലാ -കായിക വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് പരിചയ സമ്പന്നരായ അധ്യപകരില്ല .

## പൊതു ലക്ഷ്യങ്ങൾ

- വിദ്യാലയത്തിൽ ഏറ്റവും ആധുനികമായ സൗകര്യങ്ങളും ,സംവിധാനങ്ങളും ഒരുക്കി മികവിന്റെ കേന്ദ്രമാക്കി മാറ്റുക .
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ഭാഷകൾ,സംസാരിക്കാനും വായിക്കാനും എഴുതുവാനും ഉള്ള കഴിവ് ഉറപ്പുവരുത്തുക .
- എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഉണ്ടാകും .അവരവരുടെ കഴിവുകൾ കണ്ടെത്തി അവ ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മറികടക്കാനും ഉള്ള അവസരങ്ങൾ സൃഷ്ടിക്കും .
- പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിഗണന നൽകുക .

- **കൗൺസിലിംഗ് സൗകര്യം ലഭ്യമാക്കും .**
- **കാർഷിക സംസ്കാരം വളർത്തി എടുക്കും .**
- **ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ .**

## മേഖല - മലയാളം

### ഉപ മേഖല - വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാന വികസനം,ആശയ ശേഷി സംവേദനം നടത്താനും പദസമ്പത്തു വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | **എന്റെ അവധിക്കാലം**<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്ര അനുഭവങ്ങൾ, അനുഭവകുറിപ്പു )അവതരിപ്പിക്കുന്നു .<br>**ഭാഷ കേളി**<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ചു അക്ഷരശുദ്ധി , ആസ്വാദനം എന്നിവ വളർത്തുന്നു . | ജൂൺ മാസം<br><br>ജൂൺ മാസം | മലയാളം അദ്ധ്യാപിക<br><br>മലയാളം അദ്ധ്യാപിക | |

| | | | | |
|---|---|---|---|---|
| പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പു വരുത്തുക | **വാക്കുകളിൽ നിന്നും വാക്യത്തിലേക്കു**<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ചു പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം<br>**വാർത്ത ലോകത്തിലേക്കു**<br>പത്രം, ആഴ്ച പതിപ്പ് ,മാസികകൾ, എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണ ശേഷി ഉണർത്തുകയും ഉച്ചാരണ ശുദ്ധി വളർത്തുകയും ചെയുന്നു.<br>**വാർത്ത വായന**<br>നവ മാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു .ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു . അതത് മാസത്തെ പ്രധാന സംഭവങ്ങൾ ,ക്ലാസ് ,സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു . | ജൂൺ മാസം<br><br>എല്ലാ ദിവസവും<br><br>പ്രതി മാസം | മലയാളം അദ്ധ്യാപിക<br><br>മലയാളം അദ്ധ്യാപിക<br><br>മലയാളം അദ്ധ്യാപിക<br>മലയാളം ക്ലബ് | |

# **ENGLISH**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനയ്ക്ക് അവസരം ഒരുക്കുന്നു . | **Reader of the month:** ഇംഗ്ലീഷ് ദിന പത്രം വായിക്കുവാൻ അവസരം നൽകി reader of the month ആദരിക്കുന്നു . | മാസം തോറും | ഇംഗ്ലീഷ് അധ്യാപിക | |
| ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | **Too can! :** വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു തെറ്റ് കൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപിക | |
| | **Run baby run :** ചാർട്ടിൽ എഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിൽ തെറ്റ് കൂടാതെ എഴുതുന്നു . | മാസം തോറും | ഇംഗ്ലീഷ് അധ്യാപിക | |
| ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മ വിശ്വാസം ഉയർത്തുന്നു . | **Fun time funda :** കടംകഥകൾ , കുസൃതി ചോദ്യങ്ങൾ , ഫലിതങ്ങൾ , എന്നിവ തയാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കുന്നു . | ഇംഗ്ലീഷ് പീരീഡ് | | |

# HINDI

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5,6,7 ക്ലാസ്സിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങൾ ,പദങ്ങൾ , ആശയങ്ങൾ എന്നിവ ഉറപ്പിക്കൽ | അക്ഷരം എഴുത്തു<br>ചിഹ്നം ഉറപ്പിക്കൽ<br>ക്ലാസ്സിൽ അക്ഷര മാല പ്രദർശനം<br>വാക്ക് നിർമാണം<br>വാക്യങ്ങളുടെ നിർമ്മാണം<br>അക്ഷരമാല കളികൾ | June to August | Hindi teacher | |
| വീട് ഒരു പരീക്ഷണ ശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക) | ഗൃഹോപകരണങ്ങളുടെ പട്ടിക ഹിന്ദിയിൽ തയാറാക്കുക<br>ICT സഹായത്തോടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം | September to October | Hindi teacher | |
| ആശയങ്ങൾ തെറ്റ് | ഹിന്ദി അസംബ്ളി | June to February | | |

| | | | | |
|---|---|---|---|---|
| കൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം (സുരീലി ഹിന്ദി) | ദിനാചരണങ്ങൾ<br>ചിത്ര സഹായത്തോടെ ചിത്ര കഥ തയാറാക്കൽ<br>കഥ ബാക്കി എഴുതൽ<br>വായനമൂല | | Hindi teacher | |

# SOCIAL SCIENCE

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാന തല അറിവുകൾ ,ആശയങ്ങൾ ,ഇവ പരിശോധിക്കൽ , നേടിയെടുക്കൽ | **<u>അങ്കത്തട്ട് -കളിയിൽ നിന്ന് കാര്യത്തിലേക്ക</u>**<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു .<br>**<u>ഓർമ്മച്ചെപ്പ്</u>**<br>നദികൾ, ഭൂപ്രകൃതി ,തലസ്ഥാനങ്ങൾ ,വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകൾ | അക്കാദമിക വർഷാരംഭം (ജൂൺ)<br><br>അക്കാദമിക വർഷാരംഭം (ജൂൺ) | സോഷ്യൽ സയൻസ് അധ്യാപിക<br><br>സോഷ്യൽ സയൻസ് അധ്യാപിക | |

| | | | | |
|---|---|---|---|---|
| | ഉപയോഗിച്ച് memory test നടത്തുന്നു . | | | |
| വിവര വിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗത്തെ കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെ കുറിച്ചും റോഡ് സുരക്ഷയെ കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു . | **ചിലന്തി വലയിൽ നിന്ന് കുതിച്ച ചട്ടം**<br>സാമൂഹ്യ ശാസ്ത്രക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷാ,സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സോഷ്യൽ സയൻസ് അധ്യാപിക | |
| പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു . | **പ്രകൃതി താണ്ഡവം :നേർകാഴ്ച**<br>ഭൂകമ്പം ,സുനാമി,കൊടുംകാറ്റ് ,വെള്ളപ്പൊക്കം ,ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെകുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ demonstration class സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു . | അക്കാദമിക വർഷം | സോഷ്യൽ സയൻസ് അധ്യാപിക | |

| | | | | |
|---|---|---|---|---|
| | | | | |

# BASIC SCIENCE

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ<br><br>ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക , ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം | **<u>പരീക്ഷണ കളരി</u>**<br>നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു . പരീക്ഷണ കിറ്റുകൾ നിർമിക്കുന്നു .പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു .<br><br>**<u>ശാസ്ത്ര വിസ്മയ ചുമർ</u>**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസ്സിലും നിർമ്മിക്കുന്നു .<br>**<u>വിസ്മയ യാത്ര</u>**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ | ജൂൺ മുതൽ<br><br>അക്കാദമിക വർഷം | ശാസ്ത്ര അദ്ധ്യാപിക<br>സയൻസ് ക്ലബ്<br>ഹെൽത്ത് ക്ലബ്<br><br>ശാസ്ത്ര അദ്ധ്യാപിക | |

| | | | | |
|---|---|---|---|---|
| ചെയ്യാനുള്ള കഴിവ് വർധിപ്പിക്കുക | കുട്ടികളിലേക്ക് എത്തിക്കുന്ന .പുതിയ കണ്ടെത്തലുകൾ ,ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | | | |

# MATHEMATICS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാം പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു | **ഗണിത ശിൽപശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,........ ഉപയോഗിക്കുന്നു.)<br><br>വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് | ജൂൺ മാസം<br><br>ആവശ്യാനുസരണം | ഗണിത അധ്യാപിക<br><br>ഗണിത അധ്യാപികയും | |

| | | | | |
|---|---|---|---|---|
| | നടത്തൽ. | | ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായിപ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതു പോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പ ത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപിക | |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെ ത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപികയും സമർത്ഥരായ കുട്ടികളും | |
| വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | എസ് ആർ ജി | |